**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 233** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നബാർഡ് ആർ.ഐ.ഡി.എഫ്. ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിൽ നിർമ്മിക്കുന്ന പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

<u>മറുപടി:</u> നബാർഡ് ഫണ്ട് ഉപയോഗിച്ച് എലപ്പുള്ളി പഞ്ചായത്തിലെ എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ടെറസ് ഫ്ലോറിലെ സ്ലാബ് വർക്ക് ഉൾപ്പെടെ 45% നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാകുകയും. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവയുടെ മേസനറി വർക്ക് നടന്നുകൊണ്ടിരിക്കുകയുമാണ്.

**(ബി)** ആകെ എത്ര തുകയാണ് ഈ പ്രവൃത്തിക്കായി അനുവദിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തി പൂർത്തിയാകുമ്പോൾ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്നും വ്യക്തമാക്കുമോ?

<u>മറുപടി:</u> എലപ്പുള്ളി താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് നബാർഡ് ട്രാഞ്ചേ XXIX മുഖേന ₹17.50 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. G+4 നിലകളോട് കൂടിയ പ്രസ്തുത ബഹുനില കെട്ടിടം പൂർത്തിയാകുമ്പോൾ ഒ.പി, കാഷ്വാലിറ്റി, പ്രസവ ചികിത്സ, കുട്ടികളുടെ ചികിത്സ തുടങ്ങിയ സേവനങ്ങൾ ലഭ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**